# കേരള സർവകലാശാല

നം.പി.ആർ.177/2019

ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

2019 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, ഇല ക്ട്രോണിക്സ്, സൈക്കോളജി, ബയോടെക്നോളജി, ബയോഇൻഫർമാറ്റിക്സ് പരീക്ഷാ ഫലങ്ങൾ വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 26 വരെ അപേക്ഷിക്കാം.

### പരീക്ഷാ തീയതി

2019 ആഗസ്റ്റ് 09, 14 തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ ബി.എ/ബി.എസ്.സി (സി.ബി.സി.എസ്.എസ്) & നാലാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം/ബി.എം.എസ്/ബി. വോക് (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകൾ യഥാക്രമം ആഗസ്റ്റ് 22, 26 തീയതികളിൽ രാവിലെ 9.30 മുതൽ 12.30 വരെ നടത്തുന്നതാണ്.

### പ്രാക്ടിക്കൽ

2019 മേയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ്.സി എൻവ യോൺമെന്റൽ സയൻസ് ആന്റ് എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് പ്രോഗ്രാമിന്റെ എൻവയോൺമെന്റൽ സയൻസ്, വാട്ടർ മാനേജ്മെന്റ് പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 21 മുതൽ പരീക്ഷാ കേന്ദ്രത്തിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

വിദൂര വിദ്യാഭ്യാസ വിഭാഗം ആഗസ്റ്റ് 19 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നും നാലും സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ (എസ്.ഡി.ഇ, 2017 അഡ്മിഷൻ) പരീക്ഷ കൾ സെപ്റ്റംബർ 18 മുതൽ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈ റ്റിൽ.

### പ്രോജക്ട്

നാലാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം/എം.എസ്.ഡബ്ല്യൂ/എം.പി.എ (റെഗു ലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രോജക്ട് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 26. അവസാന തീയതിയിൽ മാറ്റം വരുത്തുന്നതല്ല.

## സമ്പർക്ക ക്ലാസ്

വിദൂര വിദ്യാഭ്യാസ വിഭാഗം തിരുവനന്തപുരം, കൊല്ലം സെന്ററുകളിൽ ആഗസ്റ്റ് 10, 11 തീയതികളിൽ മാറ്റിവെച്ച ക്ലാസുകൾ ആഗസ്റ്റ് 17 മുതൽ തുടരുന്നതാണ്. തിരുവനന്തപുരം, കൊല്ലം സെന്ററുകളിൽ രണ്ടാം സെമസ്റ്റർ എം.കോം ക്ലാസുകൾ ആഗസ്റ്റ് 17 മുതൽ ആരംഭിക്കുന്നതാണ്.

## അപേക്ഷ ക്ഷണിക്കുന്നു

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള വൈറ്റ് മെമ്മോറിയൽ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് ഫോർ വിമൺ, പനച്ചമൂട്, വെള്ളറട, തിരുവനന്തപുരത്തിൽ നടത്തുന്ന ബി.എൽ.ഐ.എസ്.സി (ഒരു വർഷം) ഡിഗ്രി കോഴ്സിലേക്ക് 2019 – 20 അദ്ധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. അപക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 21. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാകേന്ദ്രങ്ങൾ

2019 ആഗസ്റ്റ് 20 മുതൽ ആരംഭിക്കുന്ന ബി.എ ആന്വൽ സ്കീം പാർട്ട് ഒന്നും രണ്ടും പരീക്ഷകൾക്ക് യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച ഹിസറ്ററി മെയിൻ (ഓൺലൈൻ) ആൺകുട്ടികൾ എം.ജി കോളേജ്, തിരുവനന്തപുരത്തും, ഹിസ്റ്ററി, ഇംഗ്ലീഷ് എന്നീ മെയിനുകളിലെ (ഓൺലൈൻ) പെൺകുട്ടികൾ ആൾ സെയിന്റ്സ് കോളേജ്, തിരുവനന്തപുരത്തും, ഇംഗ്ലീഷ് മെയിൻ (ഓൺലൈൻ) ആൺകുട്ടികൾ വി.ടി.എം കോളേജ് ധനുവച്ചപുരത്തും, സോഷ്യോളജി, ഫിലോസഫി എന്നീ മെയിനുകളിലെ വിദ്യാർത്ഥികളും എല്ലാ ഓഫ്ലൈൻ വിദ്യാർത്ഥികളും കെ.യു.സി.റ്റി.ഇ കാര്യവട്ടത്തും മറ്റു മെയിനുകളിലെ ഓൺലൈൻ വിദ്യാർത്ഥികൾ കെ.യു.സി.റ്റി.ഇ കുമാരപുരത്തും ഗവ.സംസ്കൃത കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഹിസ്റ്ററി, സോഷ്യോളജി എന്നീ മെയിനുകളിലെ ഓൺലൈൻ വിദ്യാർത്ഥികൾ സെന്റ് സേവ്യേഴ്സ്, തുമ്പയിലും ഇംഗ്ലീഷ്, മലയാളം മെയിനുകളിലെ ഓൺലൈൻ വിദ്യാർത്ഥികൾ കെ.എൻ.എം കോളേജ്, കാഞ്ഞിരംകുളത്തും മറ്റു മെയിനുകളിലെ ഓൺലൈൻ വിദ്യാർത്ഥികളും എല്ലാ ഓഫ്ലൈൻ വിദ്യാർത്ഥികളും ഗവ.സംസ്കൃത കോളേജിലും ഗവ.ആർട്സ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച റെഗുലർ ആന്റ് ഇംപ്രൂവ്മെന്റ് ആൺകുട്ടികൾ എം.ജി കോളേജിലും റെഗുലർ ആന്റ് ഇംപ്രൂവ്മെന്റ് പെൺകുട്ടികൾ എൻ.എസ്.എസ് നീറമൺകരയിലും എല്ലാ സപ്ലിമെന്ററി (ഓൺലൈനും ഓഫ്ലൈനും) വിദ്യാർത്ഥികൾ ഗവ.ആർട്സ് കോളേജിലും ഗവ.വിമൻസ് കോളേജ് പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച ഇക്കണോമിക്സ്, സോഷ്യോളജി എന്നീ മെയിനുകളിലെ പെൺകുട്ടികൾ ആൾ സെയിന്റ്സ് കോളേജിലും മറ്റു മെയിനുകളിലെ പെൺകുട്ടികളും എല്ലാ ഓഫ്ലൈൻ വിദ്യാർത്ഥികളും ഗവ.വിമൻസ് കോളേജിലും ആൾ സെയിന്റ്സ് കോളേജ്, ഗവ.വിമൻസ് എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ആൺകുട്ടികൾ എം.ജി കോളേജിലും മാർ ഇവാനിയോസ് കോളേജ്, ഇക്ബാൽ കോളേജ്, പെരിങ്ങമല എന്നിവ പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ക്രിസ്റ്റ്യൻ കോളേജ്, കാട്ടാക്കടയിലും ഗവ.കോളേജ് നെടുമങ്ങാട് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഒന്നാം വർഷ ഹിസ്റ്ററി മെയിൻ വിദ്യാർത്ഥികൾ നാഷണൽ കോളേജ് മണക്കാടും, ഹിസ്റ്ററി (രണ്ടാം വർഷ സപ്ലിമെന്ററി), അറബിക്, ഹിന്ദിസാഹിത്യാചാര്യ എന്നീ മെയിനുകളിലെ വിദ്യാർത്ഥികൾ ഇമ്മാനുവേൽ കോളേജ് വാഴിച്ചലിലും, ഇംഗ്ലീഷ്, മലയാളം, ഇക്കണോമിക്സ്, സോഷ്യോളജി എന്നീ മെയിനുകളിലെയും എല്ലാ ഓഫ്ലൈൻ വിദ്യാർത്ഥികളും ഗവ. കോളേജ് നെടുമങ്ങാടും, ഗവ.കോളേജ്, ആറ്റിങ്ങൽ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഇംഗ്ലീഷ്, ഹിന്ദി, ഹിന്ദി സാഹിത്യാചാര്യ വിദ്യാർത്ഥികൾ എ.ജെ കോളേജ്, തോന്നയ്ക്കലിലും, ഇക്കണോമിക്സ് മെയിൻ വിദ്യാർത്ഥികൾ എസ്.എൻ കോളേജ് വർക്കലയിലും മറ്റു മെയിനുകളിലുള്ളവരും ഓഫ്ലൈൻ വിദ്യാർത്ഥികളും ഗവ.കോളേജ് ആറ്റിങ്ങലിലും എം.എം.എൻ.എസ്.എസ് കോളേജ് കൊട്ടിയം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഇംഗ്ലീഷ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, അറബിക് എന്നീ മെയിനുകളിലെ ഓൺലൈൻ വിദ്യാർത്ഥികളും എല്ലാ ഓഫ്ലൈൻ വിദ്യാർത്ഥികളും എസ്.എൻ കോളേജ് കൊല്ലത്തും, ഹിസ്റ്ററി, ഇക്കണോമിക്സ്

മെയിനും ഓൺലൈൻ വിദ്യാർത്ഥികളും എം.എം.എൻ.എസ്.എസ് കൊട്ടിയത്തും ഓഫ്ലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾ എസ്.എൻ കോളേജ് കൊല്ലത്തു നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്. എഫ്.എം.എൻ കോളേജ് കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.എൻ കോളേജ് കൊല്ലത്തും ബി.ജെ.എം കോളേജ് , ചവറ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച അറബിക്, ഇംഗ്ലീഷ് മെയിൻ ഓൺലൈൻ വിദ്യാർത്ഥികളും എല്ലാ ഓഫ്ലൈൻ വിദ്യാർത്ഥികളും ഡി.ബി കോളേജ് ശാസ്താംകോട്ടയിലും മറ്റു മെയിനുകളിലെ വിദ്യാർത്ഥികൾ ബി.ജെ.എം കോളേജ് ചവറയിലും, ഓഫ്ലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾ ഡി.ബി കോളേജ് ശാസ്താംകോട്ടയിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി ആ സെന്ററിൽ തന്നെ പരീക്ഷ എഴുതേണ്ടതാണ്. സെന്റ് ജോൺസ് കോളേജ്, അഞ്ചൽ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ് എന്നീ മെയിനുകളിലെ ഓൺലൈൻ വിദ്യാർത്ഥികൾ മാർത്തോമ കോളേജ്, ആയൂരിലും മറ്റു മെയിൻ വിദ്യാർത്ഥികളും ഓഫ്ലൈൻ വിദ്യാർത്ഥികളും സെന്റ് ജോൺസ് അഞ്ചലിലും സെന്റ് മൈക്കിൾസ്, ചേർത്തല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഹിസ്റ്ററി, സോഷ്യോളജി എന്നീ മെയിനുകളിലെ വിദ്യാർത്ഥികൾ (ഓൺലൈൻ) ടി.കെ.എം.എം നങ്ങ്യാർകുളങ്ങരയിലും മറ്റു മെയിനുകളിലെ വിദ്യാർത്ഥികൾ സെന്റ് മൈക്കിൾസ് ചേർത്തലയിലും, എസ്.ഡി കോളേജ്, ആലപ്പുഴ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച സോഷ്യോളജി മെയിൻ ഓൺലൈൻ വിദ്യാർത്ഥികൾ എസ്.എൻ കോളേജ്, ചേർത്തലയിലും ഇക്കണോമിക്സ് മെയിൻ ഓൺലൈൻ വിദ്യാർത്ഥികൾ ഗവ.കോളേജ് അമ്പലപ്പുഴയിലും, അറബിക്, ഒന്നാം വർഷ ഇംഗ്ലീഷ് മെയിൻ ഒഴികെയുള്ളവർ (രണ്ടാം വർഷവും സപ്ലിമെന്ററിയും) കാർമൽ കോളേജ്, മുഹമ്മയിലും, ഹിസ്റ്ററി, ഫിലോസഫി, ഹിന്ദി, മലയാളം, ഒന്നാം വർഷ ഇംഗ്ലീഷ് മെയിൻ എന്നീ വിദ്യാർത്ഥികളും എല്ലാ ഓഫ്ലൈൻ വിദ്യാർത്ഥികളും എസ്.ഡി കോളേജ് ആലപ്പുഴയിലും സെന്റ് ജോസഫ്സ് കോളേജ് ഫോർ വിമൻ, ആലപ്പുഴ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ടി.കെ.എം.എം നങ്ങ്യാർകുളങ്ങരയിലും സെന്റ് സിറിൾസ് കോളേജ്, അടൂർ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എൻ.എസ്.എസ് കോളേജ് പന്തളത്തും ബിഷപ് മൂർ കോളേജ്, മാവേലിക്കര പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ടി.കെ.എം.എം നങ്ങ്യാർകുളങ്ങരയിലും എസ്.എൻ കോളേജ് ഫോർ വിമൻ, കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.എൻ കോളേജ് കൊല്ലത്തും പരീക്ഷ എഴുതേണ്ടതാണ്. മറ്റ് പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റമില്ല. മാറ്റമുള്ള പരീക്ഷാകേന്ദ്രങ്ങളിൽ ഓഫ്ലൈനായി അപേക്ഷിച്ചവർ പുതുക്കിയ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റേണ്ടതാണ്. ഓൺലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## കെ മാറ്റ് കേരള 2020

കേരളത്തിലെ എല്ലാ സർവകലാശാലകളിലേക്കും, സർവകലാശാലകളുടെ കീഴിലുള്ള കോളേജുകളിലേക്കും 2020 അദ്ധ്യയന വർഷത്തെ എം.ബി.എ പ്രവേശനത്തിന് അർഹത നേടുന്നതിന് വേണ്ടിയുള്ള പ്രവേശന പരീക്ഷയായ കെ മാറ്റ് കേരള, 2019 ഡിസംബർ 1 ന് നടത്തുന്നതാണ്. കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്) ന്റെ ആഭിമുഖ്യത്തിലും പ്രവേശനമേൽനോട്ട സമിതിയുടെ നിയന്ത്രണത്തിലുമാണ് കെ മാറ്റ് കേരള 2020 നടത്തുന്നത്. അപേക്ഷകൾ ആഗസ്റ്റ് 16 മുതൽ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ സമർപ്പിക്കുന്നതിനും വിശദ വിവരങ്ങൾക്കും kmatkerala.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2019 നവംബർ 10 വൈകുന്നേരം 4 മണി. അപേക്ഷാഫീസ്: ജനറൽ വിഭാഗത്തിന് 1000 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 750 രൂപയും ആണ്. കെമാറ്റ് കേരള, സി മാറ്റ്, ക്യാറ്റ് എന്നീ പ്രവേശന പരീക്ഷകളിൽ ഏതെങ്കിലും ഒന്നിൽ അർഹത നേടുന്നവർക്ക് മാത്രമേ കേരളത്തിലെ എല്ലാ സർവകലാശാലകളിലും അതിനു കീഴിലുള്ള എം.ബി.എ കോളേജുകളിലും പ്രവേശനം ലഭിക്കുകയുള്ളൂ. അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും കെ മാറ്റ് കേരള 2020 പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. സംശയ നിവാരണങ്ങൾക്കും കൂടുതൽ വിവരങ്ങൾക്കുമായി പ്രവേശന മേൽനോട്ട സമിതിയുടെ തിരുവനന്തപുരം ഓഫീസിലെ 0471 – 2335133 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം(പി.ജി) – 2019
## ജനറൽ/മറ്റ് വിഭാഗങ്ങൾക്ക്  സ്പോട്ട് അലോട്ട്മെന്റ് മേഖല തലത്തിൽ

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ഒന്നാം വർഷ പി.ജി കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക്  ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് മേഖല തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. കൊല്ലം മേഖലയിലും ആലപ്പുഴ മേഖലയിലും ഉൾപ്പെടുത്തിയിട്ടുള്ള കോളേജുകളിലേയ്ക്ക് ആഗസ്റ്റ് 22–ാം തീയതി യഥാക്രമം കൊല്ലം എസ്.എൻ കോളേജിലും, ആലപ്പുഴ എസ്.ഡി.കോളേജിലും, തിരുവനന്തപുരം മേഖലയിലും അടൂർ മേഖലയിലും ഉൾപ്പെടുത്തിയിട്ടുള്ള കോളേജുകളിലേയ്ക്ക്   ആഗസ്റ്റ് 24–ാം തീയതി യഥാക്രമം സർവകലാശാല ആസ്ഥാനത്തുള്ള സെനറ്റ് ഹാളിലും അടൂർ സെന്റ് സിറിൾസ് കോളേജിലുമാണ് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നത്. എസ്.സി/എസ്.ടി സ്പോട്ട് അലോട്ട്മെന്റിന് ശേഷം ഒഴിവ് വന്ന സീറ്റുകൾ അർഹരായ മറ്റു വിഭാഗങ്ങളിലേയ്ക്ക് നിയമാനുസൃതം മാറ്റി ഈ സ്പോട്ട് അലോട്ട്മെന്റ് വഴി നികത്തുന്നതാണ്. രാവിലെ 9 മണി മുതൽ 11 മണി വരെ വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. ഈ സമയത്തിനകം ഹാജരായി രജിസ്റ്റർ ചെയ്തവരിൽ നിന്നും റാങ്ക് പട്ടിക തയ്യാറാക്കി സ്പോട്ട് അലോട്ട്മെന്റ് നടത്തും. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റ് ഔട്ട് നിർബന്ധമായും കൊണ്ടു വരേണ്ടതാണ്.രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടക്കുക. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാവരേയും പരിഗണിച്ചതിന് ശേഷം മാത്രമേ അലോട്ട്മെന്റിൽ പരിഗണിക്കുകയുള്ളൂ. അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് 1040/– രൂപ (എസ്.സി/എസ്.ടി വിഭാഗം 310/–രൂപ) കൈയിൽ കരുതേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ രജിസ്ട്രേഷൻ ഫീസായ 535/– രൂപയും (എസ്.സി/എസ്.ടി വിഭാഗം 270/–രൂപ) ഒടുക്കേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രവേശന ഫീസ് മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഈ തുക ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്. സ്വാശ്രയ(മെറിറ്റ് സീറ്റുകൾ)/യു.ഐ.റ്റി. കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും മേൽ പറഞ്ഞ തീയതികളിൽ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കേണ്ടതാണ്. കോളേജ് തലത്തിൽ നേരിട്ടുള്ള പ്രവേശനം അനുവദിക്കുന്നതല്ല. സർവകലാശാല നിശ്ചയിക്കുന്ന തീയതിക്കു ശേഷം ഒരു കാരണവശാലും പ്രവേശനം അനുവദിക്കുന്നതല്ല. രജിസ്ട്രേഷൻ ഉള്ള മുഴുവൻ വിദ്യാർത്ഥികളേയും പരിഗണിച്ച ശേഷം മാത്രമേ ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ പരിഗണിക്കുകയുള്ളു.

സ്പോട്ട് അലോട്ട്മെന്റിനായി സർവകലാശാലയിലേയ്ക്ക് അപേക്ഷകൾ ഒന്നും തന്നെ അയയ്ക്കേണ്ടതില്ല.

**<u>പ്രത്യേക കുറിപ്പ്:</u>** (എല്ലാ എഡിഷനുകളിലും 17, 19, 21 എന്നീ തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്)

## <u>ഒന്നാം വർഷ ബിരുദ പ്രവേശനം – 2019</u>
## <u>ജനറൽ/മറ്റ് വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ് മേഖല തലത്തിൽ</u>

**സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ഒന്നാം വർഷ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് മേഖല തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. തിരുവനന്തപുരം മേഖലയിലുള്ള കോളേജുകളുടെ സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 17–ാം തീയതി സർവകലാശാല ആസ്ഥാനത്തുള്ള സെനറ്റ് ഹാളിൽ നടത്തുന്നതാണ്.**

**സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റ് ഔട്ട് നിർബന്ധമായും കൊണ്ടു വരേണ്ടതാണ്.**

**രാവിലെ 9 മണി മുതൽ 11 മണി വരെ വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ** (http://admissions.keralauniversity.ac.in) **പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാവരേയും പരിഗണിച്ചതിന് ശേഷം മാത്രമേ അലോട്ട്മെന്റിൽ പരിഗണിക്കുകയുള്ളൂ. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.**

## <u>കേരള സർവകലാശാല യു.ജി/പി.ജി പ്രവേശനം 2019</u>

## <u>സ്പോർട്സ് ക്വാട്ട പ്രവേശനം</u>

**സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ യു.ജി/ പി.ജി. സ്പോർട്സ് ക്വാട്ട റാങ്ക് പട്ടിക 17.08.2019–ന് അഡ്മിഷൻ വെബ്സൈറ്റിലും, കോളേജുകളിലും പ്രസിദ്ധീകരിക്കും. യു.ജി/പി.ജി. സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള പ്രവേശനം ആഗ്രഹിക്കുന്ന, റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ ആഗസ്റ്റ് 19–ാം തീയതി വൈകിട്ട് 4 മണിക്കു മുൻപ് ബന്ധപ്പെട്ട കോളേജുകളിൽ ഹാജരാകണം. ഇത്തരത്തിൽ ആഗസ്റ്റ് 19–ാം തീയതി ഹാജരായ വിദ്യാർത്ഥികളുടെ അഡ്മിഷൻ ആഗസ്റ്റ് 20–ാം തീയതി അതത് കോളേജുകളിൽ നടത്തുന്നതാണ്. അന്നേ ദിവസം അപേക്ഷകർ നേരിട്ടോ, പ്രതിനിധിയോ 11 മണിക്കു മുൻപ് കോളേജുകളിൽ ഹാജരാകണം. 11 മണിക്കു ശേഷം ഹാജരാകുന്ന വിദ്യാർത്ഥികളെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.**

**അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരത്തിൽ തെറ്റുകൾ കണ്ടെത്തുകയോ മേൽ നിർദേശിച്ച സമയത്തിനുള്ളിൽ കോളേജുകളിൽ ഹാജരാകാതെയോ ഇരുന്നാൽ റാങ്ക്ലിസ്റ്റിലെ അടുത്ത അപേക്ഷകനെ പരിഗണിക്കുന്നതാണ്.**

**പ്രത്യേക കുറിപ്പ്:** (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ഓറിയന്റേഷൻ പ്രോഗ്രാം

വിദൂര വിദ്യാഭ്യാസ വിഭാഗം അലുമ്നി അസോസിയേഷന്റെ നേതൃത്വത്തിൽ വിദൂര വിദ്യാഭ്യാസ വകുപ്പിൽ പഠനം നടത്തി വരുന്ന വിദ്യാർത്ഥികൾക്കു വേണ്ടി സംഘടിപ്പിക്കുന്ന ജോബ് ഫെയറിന്റെ ഭാഗമായി ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. സർവകലാശാല പ്രോ-വൈസ് ചാൻസലർ ഡോ.പി.പി അജയകുമാർ ഉദ്ഘാടനം ചെയ്തു. ഡോ.ആർ വസന്തഗോപാൽ, ഡോ. എസ്.നസീബ്, ഡോ.ലാൽ സി.എ, ഡോ.രാജൻ ടി.കെ, ഡോ.ഷാജി ബി എന്നിവർ സംസാരിച്ചു. പ്രൊഫ.ഡോ.പ്രകാശ് രാമകൃഷ്ണൻ (കാർഷിക സർവകലാശാല), ശ്രീ.ലക്ഷ്മി നാരായൺ (സി.ഇ.ഒ വാല്യു ഫോക്കസ് എൽ.എൽ.സി, നോർത്ത് കരോളിന, യു.എസ്.എ), ശ്രീ.ആർ ഗോപാലകൃഷ്ണൻ (സീനിയർ കൺസൾട്ടന്റ്, ടാറ്റാ കൺസൾട്ടൻസി സർവീസസ്, തിരുവനന്തപുരം), ഡോ.രാജിലാൽ എം.സി (ചെയർമാൻ, റേസ്) എന്നിവർ ക്ലാസെടുത്തു.

**തിരുവനന്തപുരം.**
16.08.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**